# തലമുണ്ട എൽ.പി.സ്കൂൾ

കൂടാളി.പി.ഒ, 670592

# ചുവടുകൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ



2018 - 2026

# ആമുഖം

സമഗ്രമായ കാഴ്ചപ്പാടും പ്രവർത്തന പദ്ധതികളും അക്കാദമിക നിലവാരത്തിന്റെ ഉയർച്ചക്ക് വേണ്ട പ്രധാന ഘടകങ്ങളാണ്. ഈ ദിശയിലേക്കുള്ള ബഹുജന കൂട്ടായ്മ യാണ് പൊതു വിദ്യാലയ സംരക്ഷണ യജ്ഞം. ഭരണ കൂടവും പൊതുസമൂഹവും ഒരുമിച്ച് ചേർന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ച പ്പാടിനുഗുണമായി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള കൂട്ടായ അന്വേഷണമാണ് വേണ്ടത് . എന്നതാണ് പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിൽ വിഭാ വനം ചെയ്യുന്നത്. ഇതിന്റെ ഭാഗമായി ഓരോ സ്ഥാപനവും ഗുണമേന്മ വിദ്യാഭ്യാസം ഒരു ക്കുന്നതിനായുള്ള അക്കാദമിക പദ്ധതി തയ്യാറാക്കേണ്ടതാണ്. ഈ അക്കാദമിക പദ്ധതി സാർഥകമാക്കുന്നതിനനുകൂലമായ ഭൗതീക സൗകര്യ വികസനാസൂത്രണവും ഉണ്ടാവണം. അതോടൊപ്പം പ്രാധാന്യമേറിയതാണ് സമൂഹത്തെ എങ്ങിനെ അർഥപൂർണ്ണമായി പങ്കാളിക ളാക്കാം എന്നത്. ഇതിന് സഹായകമായ സാമൂഹിക പങ്കാളിത്ത പദ്ധതി തയ്യാറാക്കണം. ഇതെല്ലാം ഉദ്ഗ്രഥിച്ചതാണ് ഒരു വിദ്യാലയത്തിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ.

# PROFILE

| | |
|---|---|
| Name of School | : THALAMUNDA L P SCHOOL |
| Name of Revenue Village | : MUNDERI |
| Name of Cluster | : MUNDERI |
| Name of Panchayath | : MUNDERI |
| Name of Block with Phone No | : EDAKKAD |
| Name of District | : KANNUR |
| Name of H.M with Mob .No | : C.K. LATHIKA, 95 44 001 200 |

തലമുണ്ട എൽ പി സ്കൂൾ 1925 ൽ ശ്രീ അപ്പ ഗുരുവിന്റെ കീഴിൽ കളരി അഭ്യസിക്കാൻ വേണ്ടി തുടങ്ങിയ ഒരു സ്ഥാപനമായിരുന്നു ഇത്. ആ സ്ഥാപനം പിന്നീട് വിദ്യാലയ അന്തരീക്ഷത്തിലേക്ക് മാറുകയായിരുന്നു.

1925 ജൂലൈ മാസം 1ാം തിയ്യതിയാണ് സ്കൂളിൽ കട്ടികളെ പ്രവേശിപ്പിച്ചത്. 31 പെൺകട്ടികളും 9 ആൺകട്ടികളും ഉൾപ്പെടെ 40 കട്ടികളാണ് ആ പ്രാവശ്യം പ്രവേശനം നേടിയത്. രണ്ടും മൂന്നും വർഷം ഒന്നാം ക്ലാസ്സിൽ തന്നെ ആയിരുന്നു പഠനം. ആദ്യത്തെ ബാച്ചിൽ ചേർന്ന നാല്പത് പേരിൽ ചിലർ രണ്ട് മൂന്ന് നാല് ക്ലാസ്സുകളിൽ പഠിച്ചിരുന്നില്ലെന്ന് സ്കൂളിൽ സൂക്ഷിച്ച രേഖകളിൽ നിന്നു മനസ്സിലാവുന്നു.

അന്ന് എം കരുവിള (മലബാർ ഗവ: ഇൻസ്പെക്ടർ) സ്കൂൾ വിസിറ്റ് നടത്തിയതിന്റെ തെളിവുകളുണ്ട് എല്ലാ വർഷവും സ്കൂൾ വിസിറ്റ് നടത്തിയതായും രേഖകളുണ്ട് .സ്കൂളിൽ ചേർന്ന കട്ടികൾ മിക്ക ദിവസവും സ്കൂളിൽ എത്താറില്ല. മിക്കവരും മുതിർന്നവർ കൃഷിസ്ഥലത്തേക്ക് പോവുമ്പോൾ താഴെയുള്ള കട്ടികളെ പരിചരിക്കുന്ന ജോലിയിൽ ഏർപ്പെടുമായിരുന്നു. വിസിറ്റ് കഴിയുന്നതുവരെ അധ്യാപകർ കട്ടികളെ വീട്ടിൽ ചെന്ന് കുട്ടികൊണ്ട് വരുമായിരുന്നു. സ്കൂളിന്റെ സമീപത്തുനിന്നു മാത്രമല്ല ദൂരെ നിന്നു വരെ കട്ടികൾ സ്കൂളിൽ എത്തിയിരുന്നു.

ആദ്യകാലത്തെ അധ്യാപകർ അപ്പ മാസ്റ്റർ, ചന്തു മാസ്റ്റർ, താല ടീച്ചർ, കൃഷ്ണൻ മാസ്റ്റർ എന്നിവരായിരുന്നു. അധ്യാപകർ സാമൂഹ്യപരമായി വളരെ നല്ല ബന്ധം പുലർത്തിയിരുന്നു. ആദ്യകാലത്ത് സ്കൂളിൽ പ്രവേശനം നേടിയ കട്ടികൾ മുഴുവനും ഹിന്ദു മതത്തിൽ നിന്നായിരുന്നു. 1925 ൽ ആരംഭിച്ച ഈ വിദ്യാലയത്തിൽ 2014 ജൂൺ മാസത്തിലെ 1ാം ക്ലാസ്സ് പ്രവേനം നേടിയവർ വരെ ആകെ 2565 പഠനം നടത്തി എല്ലാവർഷവും 35 നും 50നും ഇടയ്ക്ക് കട്ടികൾ പ്രവേശനം നേടി. പെൺകട്ടികൾ വിദ്യാലയത്തിൽ ചേരുന്നതിനു പ്രത്യേകതയൊന്നും ഉണ്ടായിരുന്നില്ല. ആൺകട്ടികൾക്കൊപ്പം തന്നെ പെൺകട്ടികളും പ്രവേശനം തേടി.

സ്കൂളിന്റെ ഭൗതിക സാഹചര്യം മുമ്പ് അത്ര നല്ലതായിരുന്നില്ല.1975 മുതൽ വിദ്യാലയ ചുറ്റ്പാടിൽ പല പല മാറ്റങ്ങളും വന്നുതുടങ്ങി. ഇന്ന് വളരെയധികം പുരോഗതി കൈവരിച്ചിരിക്കുകയാണ്. ആദ്യകാലങ്ങളിൽ തന്നെ അധ്യാപികമാർ അധ്യയനം നടത്തിയിരുന്നു.പഠന സമയം രാവിലെ മുതൽ വൈകുന്നേരം വരെ ആയിരുന്നു. ആദ്യകാലാങ്ങളിൽ ഒഴിവുകാലം പ്രത്യേകം ഉണ്ടായിരുന്നില്ല.കൃഷി ഉത്സവം തുടങ്ങിയ ആവശ്യാർത്ഥം കട്ടികൾ ഒഴിവു സമയം കണ്ടെത്തുകയായിരുന്നു.സ്കൂളിൽ ശിക്ഷാ നടപടികൾ ഉണ്ടായിരിന്നില്ല.ചെവിയിൽ വെളിച്ചിൽ തൂക്കി നടത്താറാണ " കൂടുതൽ പതിവ്.

അധ്യാപകർക്ക് വളരെ തുച്ഛമായ വരുമാനം മാത്രമേ കിട്ടിയിരുന്നുള്ളൂ.ചെലവ് വളരെ കറവായിരുന്നു എന്ന് വേണം കരുതാൻ. ആദ്യകാലത്ത് പ്രവേശനം നേടിയ കട്ടികൾക്ക് ക്ലേശങ്ങൾ സഹിക്കേണ്ടിവന്നിട്ടില്ലെന്നാണ് അറിവ്

സ്കൂളിന്റെ വളർച്ചയ്ക്ക് ഊന്നൽ നല്കുന്നതിന് പി ടി എ സജീവ പങ്കാളിത്തം ഉണ്ട്. ജനങ്ങൾക്ക് വിദ്യാലയ കാര്യങ്ങളിൽ അതീവ ശ്രദ്ധയാണ് ഇന്ന് ഈ വിദ്യാലയത്തിൽ 1 മുതൽ 4 വരെ ക്ലസ്സുകളിലായി 178 കട്ടികൾ പഠിക്കുന്നു ഇതുകൂടാതെ എൽ കെ ജി, യു കെ ജി ക്ലാസ്സുകളിലായി 62 കട്ടികളും പഠിക്കുന്നുണ്ട്. അറബി, കൈവേല, കമ്പ്യൂട്ടർ എന്നീ വിഷയങ്ങളും പ്രത്യേകം പഠിപ്പിക്കുന്നു.

## അനുബന്ധം 1(C)

1 എ 2012 2013 അധ്യയന വർഷത്തിൽ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | ആകെ |
|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | |
| ജനറൽ (ഒ ബി സി ഉൾപ്പെടെ ) എസ്.സി | 27 | 33 | 22 | 20 | 22 | 18 | 34 | 17 | |
| ആകെ | 60 | | 42 | | 40 | | 51 | | |

1 ബി 2013-2014 അധ്യയന വർഷത്തിൽ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | ആകെ |
|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | |
| ജനറൽ (ഒ ബി സി ഉൾപ്പെടെ ) എസ്.സി | 14 | 23 | 25 | 31 | 21 | 21 | 21 | 18 | |
| ആകെ | 37 | | 56 | | 42 | | 39 | | |

1.സി 2014-2015 അധ്യയന വർഷത്തിൽ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | I | | II | | III | | IV | | ആകെ |
|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | |
| ജനറൽ (ഒ ബി സി ഉൾപ്പെടെ ) എസ്.സി | 29 | 22 | 14 | 21 | 25 | 30 | 19 | 18 | |
| ആകെ | 51 | | 35 | | 55 | | 37 | | |

| വിഭാഗം | I | | II | | III | | IV | | ആകെ |
|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | |
| മുസ്ലീം ബി പി എൽ (ജനറൽ ഒ ബി സി ഉൾപ്പെടെ) സി ഡബ്ല്യു എസ് എൻ | | | | | | | | | |
| ആകെ | | | | | | | | | |

അനുബന്ധം 2(e)

## <u>സാമൂഹിക പങ്കാളിത്തം - നിലവിലെ അവസ്ഥ :</u>

- പ്രവേശനോത്സവം മുതൽ തന്നെ സാമൂഹിക പങ്കാളിത്തം, സാമൂഹിക സഹകരണം എന്നിവ നല്ല രീതിയിൽ ലഭ്യമായിട്ടുണ്ട്. പഠനയാത്ര വാർഷികാഘോഷം എന്നിവയിൽ ലഭിച്ചിട്ടുള്ള പങ്കാളിത്തം മികച്ചതാണ്. കൂടാതെ പരിസ്ഥിതി ബോധവത്കരണ പരിപാടി, ഫീൽഡ്ട്രിപ്പ്, പരിസര ശുചീകരണം, ആരോഗ്യ ബോധവത്കരണ ക്ലാസ്സ് കലാകായിക മത്സരങ്ങളിൽ വിദ്യാർത്ഥികളെ സജ്ജമാക്കൽ , ലൈബ്രറി ശാക്തീകരണം തുടങ്ങിയവയിൽ ലഭിച്ചിട്ടുള്ള സാമൂഹിക പങ്കാളിത്തവും മികച്ചതാണ്. മാത്രമല്ല വാർഷികാഘോഷത്തോടനുബന്ധിച്ച് കുട്ടികളോടൊപ്പം രക്ഷിതാക്കൾക്കും വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.
- കലാകായിക മത്സരങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം മികച്ചതാണ്. മെട്രിക് മേള , ഇംഗ്ലീഷ് ഫെസ്റ്റ് , ഫീൽഡ് ട്രിപ്പ് തുടങ്ങിയവയിൽ കുട്ടികളുടെ പങ്കാളിത്തം മികച്ചതാണ്.
- സാമൂഹിക കൂട്ടായ്മ ഉറപ്പുവരുത്തുന്നതിനു വേണ്ടി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. പരിസര ശുചീകരണം, ശുചിത്വ ബോധവൽക്കരണ ക്ലാസ്സ്, വിദ്യാലയ വികസന സമിതി രൂപീകരണം എന്നിവയും സാമൂഹിക കൂട്ടായ്മ ഉറപ്പു വരുത്തിയ പ്രവർത്തനങ്ങളാണ്. കൂടാതെ ഫോക്കസ് 2015ന്റെ ഭാഗമായി രക്ഷിതാക്കൾക്കും കുടുംബശ്രീ അംഗങ്ങൾക്കും കുട നിർമാണ പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്.
- മാറുന്ന വിദ്യാഭ്യാസ രീതി മനസ്സിലാക്കി ഇംഗ്ലീഷ് പഠനത്തിന് ഊന്നൽ കൊടുത്തും കമ്പ്യൂട്ടർ പഠനം വ്യാപകമാക്കിയും വിദ്യാലയ പ്രവർത്തനം മാറ്റിയെടുക്കണമെന്ന മനോഭാവം സമൂഹത്തിലും പൊതുവായി രക്ഷിതാക്കളിലും ഉയർന്നുകൊണ്ടിരിക്കുന്നു.
- പി ടി എ, എം പി ടി എ തുടങ്ങിയവയുടെ പ്രവർത്തനവും സഹകരണവും വിദ്യാലയത്തിന് നന്നായി ലഭിക്കുന്നുണ്ട്. കൂടാതെ എസ് എസ് ജി , സ്കൂൾ വികസന സമിതി എന്നിവയുടെ പിന്തുണയും സ്കൂൾ പ്രവർത്തനങ്ങൾക്ക് ലഭിക്കാറുണ്ട്.

# മലയാളം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | ശ്രവണ ഭാഷണ സന്ദർഭങ്ങൾ വികസിപ്പിക്കൽ | • ചിത്രവായന<br>• കഥ,പാട്ട് അവതരണം<br>• ലഘു ചർച്ചകളിൽ ഏർപ്പെടൽ<br>• I.C.T വീഡിയോ ദൃശ്യങ്ങൾ | ഹ്രസ്വകാലം | ക്ലസ് ടീച്ചർ |
| 2 | സങ്കോചമില്ലാതെ തന്റെ ആശയങ്ങൾ സംശയങ്ങൾ ചോദ്യങ്ങൾ അഭിപ്രായങ്ങൾ പങ്കുവെക്കാൻ കുട്ടികൾക്ക് അവസരം ഉറപ്പിക്കുക | • സർഗവേള<br>• അസംബ്ലി<br>• വിദ്യാരംഗ സാഹിത്യവേദി<br>• വിവിധ മേളകൾ<br>• ക്ലാസ് തലപ്രവർത്തനങ്ങൾ | ആഴ്ചയിൽ ഒന്ന്<br>മാസം ഒന്ന് | അധ്യാപകർ<br>P T A |
| 3 | എല്ലാവർക്കും എഴുത്തും വായനയും | • അക്ഷരകാർഡ് നിർമ്മാണം<br>• പദക്കാർഡ് നിർമ്മാണം<br>• പദങ്ങളിലൂടെ വാക്യനിർമ്മാണം<br>• ചിത്രങ്ങളിലൂടെ അക്ഷരമുറപ്പിക്കണം<br>• കഥയാക്കി പറയുക, എഴുതുക<br>• സി.ഡി പ്രദർശിപ്പിച്ച് കണ്ട കാര്യങ്ങളെ പറ്റി വിവരിക്കുക<br>• പത്രവായന<br>• കഥാ പുസ്തകം വായിക്കുക<br>• വായനക്കുറിപ്പ് തയ്യാറാക്കുക<br>• വായനക്കാർഡ് | ദീർഘകാലം | അധ്യാപകർ<br>P T A |
| 4 | ഭാഷയുടെ വിവിധവ്യവഹാരങ്ങൾ അനാ | • ചിത്രത്തിലൂടെ കഥ അവതരണം<br>• ചിത്രവിവരണം | 1 വർഷം | ക്ലാസ്സ് ടീച്ചർ<br>ഹെഡ് |

| | | | | |
|---|---|---|---|---|
| | യോസന കൈകാര്യം ചെയ്യൽ | • പുസ്തകചർച്ച<br>• അനുഭവക്കുറിപ്പ്<br>• അസംബ്ലിയിൽ– സ്വന്തംസൃഷ്ടികൾ വായിക്കാൻ അവസരം<br>• വിവരണം + പതിപ്പുകൾ തയ്യാറാക്കൽ | | മിസ്ട്രസ് |
| 5 | *ലൈബ്രറി ശാക്തീകരണം* (വായനക്കൂട്ടം, എഴുത്തുക്കൂട്ടം) | • ജന്മദിനപുസ്തകം<br>• സാഹിത്യകാരൻമാരുടെ അനുസ്മരണദിനത്തിൽപുസ്തകശേഖരണം<br>• ബാഗ് ലൈബ്രറി – പുസ്തകസമാഹരണ ക്യാമ്പയിൽ | ദീർഘകാലം | പൊതുജനം<br>P T A<br>അധ്യാപകർ |
| 6 | പദ സമ്പത്ത് വർദ്ധിപ്പിക്കൽ | • നിഘണ്ടു നിർമ്മാണം<br>• പത്ര വായന<br>• പുസ്തകവായന<br>• പദകേളി<br>• പദ സൂര്യൻ | ദീർഘകാലം | ക്ലാസ്സ് ടീച്ചർ |
| 7 | സ്വാതന്ത്രമായ സർഗാത്മക രചനകളിൽ ഏർപ്പെടാനുള്ള അവസരം നൽകുക. | • കഥാരചന<br>• കവിതാരചന<br>• എഴുത്തുകൂട്ടം, വായനക്കൂട്ടം<br>• വായനക്കാർഡ് നിർമ്മാണം<br>• വിദ്യാരംഗ സാഹിത്യ വേദി<br>• വായനക്കാർഡ്<br>• ചുമർ പത്രിക | ദീർഘകാലം | ഹെഡ് മിസ്ട്രസ്<br>P T A<br>പൊതുജനം<br>അധ്യാപകർ |
| 8 | കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക | • കവിതാരചനാ മത്സരം<br>• കഥാരചനാ മത്സരം<br>• സാഹിത്യ കാരൻമാരെ പരിചയപ്പെടൽ– അനുസ്മരണം<br>• സർഗമേള<br>• കവിതാലാപനം<br>• പ്രദർശനം സംഘടിപ്പിക്കുക<br>• രചന ശില്പശാലസംഘടിപ്പിക്കുക. | ദീർഘകാലം | P T A<br>അധ്യാപകർ |

| | | | | |
|---|---|---|---|---|
| 9 | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടൽ | • ദിനാചരണം<br>• പതിപ്പുകൾ തയ്യാറാക്കൽ<br>• കുട്ടികളുടെ രംഗവേദി<br>• അനുഭവക്കുറിപ്പ്, സംഭാഷണം,<br>• വിവരണം, കഥ, കവിത എന്നിവയുടെ അവതരണം<br>• വിദഗ്ധരെ പങ്കെടുപ്പിച്ച് ശില്പശാല<br>• ഡോക്യുമെന്ററി<br>• ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. | ദീർഘകാലം | SSA<br>PTA<br>അധ്യാപകർ |
| 10 | വായനാശീലം വളർത്തുക | • പത്രവായന<br>• ലൈബ്രറി ഉപയോഗം<br>• e -ലൈബ്രറി ഉപയോഗം<br>• പുസ്തക പ്രദർശനം<br>• വായന കുറിപ്പിന് സമ്മാനം<br>• സ്കൂൾ തല പതിപ്പ് നിർമ്മാണം | ദീർഘകാലം | PTA<br>പൊതുജനം<br>അധ്യാപകർ<br>SSA |
| 11 | പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ | • ഫ്ളഷ് കാർഡ്, മണലെഴുത്ത്<br>• അക്ഷരകാർഡ്<br>• പദ കാർഡ്<br>• വാക്യ നിർമ്മാണം<br>• പദ സൂര്യൻ<br>• പദ കേളി<br>• I.C.T സാധ്യത<br>• വാക്യങ്ങളിലൂടെ വാക്കുകൾ, അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• കഥ പറയൽ<br>• അമ്മ വായന<br>• വായനക്കാർഡ് | ഹ്രസ്വകാലം | അധ്യാപകർ<br>രക്ഷിതാക്കൾ |

# ഗണിതം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | |
|---|---|---|---|---|---|
| 1 | ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു.<br>• ചോദ്യാവലി തയ്യാറാക്കുന്നു<br>• Pree -Test മൂല്യ നിർണ്ണയംരേഖപ്പെടുത്തൽ<br>• സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ, മുൻക്ലാസ്സുകളിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്തുകൊണ്ട് പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൽവ്യക്തിഗതമായുംഗ്രൂപ്പായും നൽകുന്നു.<br>• വർക്ക് ഷീറ്റ് നൽകുന്നു.<br>• രക്ഷിതാക്കൾക്ക്ബോധവൽക്കരണം | ഹ്രസ്വകാലം | അധ്യാപകർ രക്ഷിതാക്കൾ | |
| 2 | സംഖ്യാ ബോധം ഉറപ്പിക്കുന്നു ചതുഷ്ക്രിയകളിൽ പ്രാവീണ്യം നേടുക | • കമ്പുകെട്ടുകൾ,മഞ്ചാടിക്കുരുശേഖരണം<br>• സ്ഥാന വില പോക്കറ്റ് നിർമ്മാണം<br>• സംഖ്യാ റിബൺ നിർമ്മാണം<br>• അബാക്കസ് നിർമാണം, സംഖ്യകളെ ക്രമീകരിക്കൽ<br>• സംഖ്യകളുടെ വ്യാഖ്യാനം<br>• ആരോഹണ അവരോഹണ തീവണ്ടി | 1 വർഷം | ക്ലാസ്സ് ടീച്ചർ രക്ഷിതാക്കൾ | |
| 3 | ഗണിതത്തിൽ താൽപര്യം ഉണ്ടാക്കുക. സർഗാത്മകചിന്ത വളർത്തുക | • മനക്കണക്കുകൾക്ക് പ്രാധാന്യം<br>• കടങ്കഥ, പസിൽ കുസൃതികണക്ക്,മാന്ത്രിക ചതുരം മാന്ത്രക നക്ഷത്രം, മാന്ത്രിക ത്രികോണം<br>• ചതുരത്തിലെ വിട്ടുപോയ സംഖ്യ കണ്ടെത്തൽ<br>• ഗണിതശില്പശാല സംഘടിപ്പിക്കുക | ദീർഘകാലം | ഗണിത ക്ലബ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4 | ഗണിതം ആസ്വദിക്കാൻ കഴിയുക | • ഗണിത കേളി, ഗണിത മാഗസിൻ<br>• ഗണിത ക്ലബ്<br>• ഗണിത ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടൽ<br>• ഗണിതപാട്ടുകൾ,ഗണിതകഥശേഖരണം<br>• ഒറിഗാമി<br>• ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് രൂപനിർമ്മാണം<br>• ടൺഗ്രാം | ദീർഘകാലം | ഗണിത ക്ലബ് റിസോഴ്സ് പേഴ്സൺ അധ്യാപകർ | |
| 5 | കൃത്യത, സൂക്ഷ്മത എന്നിവയോടെ കാര്യങ്ങൾ മനസ്സിലാക്കുന്നതിനുമുള്ള കഴിവ് നേടുക | • അളവുകൾ തിരിച്ചറിയുക<br>• സമയം, കലണ്ടർ ഇവ ഉപയോഗിച്ച് പ്രായോഗിക പ്രശ്നം നിർദ്ധാരണം ചെയ്യുക<br>• അളവുകളെ താരതമ്യം ചെയ്യുക<br>• അളവുപകരണങ്ങളുടെ നിർമ്മാണം | ദീർഘകാലം | ഗണിത ക്ലബ് അധ്യാപകർ SSA | |
| 6 | ഗവേഷണ പ്രവർത്തനങ്ങളിൽ താൽപര്യമുണ്ടാക്കുക | • മതിച്ചു പറയൽ<br>• സ്ഥൂലഗണനം, പരസ്പരം ബന്ധം കണ്ടെത്തൽ.<br>• യുക്തിയും കാര്യകാരണബന്ധം കണ്ടെത്തി വിശദീകരിക്കൽ<br>• വസ്തുതകൾ വിശകലനം ചെയ്ത് നിഗമനം രൂപീകരിക്കുക<br>• പ്രായോഗിക പ്രശ്നങ്ങൾനിർദ്ധാരണം ചെയ്യുന്നു. | | | |
| 7 | ഗണിത പഠനത്തിന് ആധുനിക വിവര സാങ്കേതിക വിദ്യ പ്രയോജനമെടുത്തു | • പസിൽ, ഗണിത കളി, ജ്യാമിതീയ രൂപങ്ങൾ അളവുകൾ സമയം കലണ്ടർ, ചതുഷ്ക്രിയകൾ തുടങ്ങിയ പാഠാധിഷ്ഠിത പ്രവർത്തനങ്ങൾ ചെയ്യുന്നു<br>• ഗണിത ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടുന്നു | ദീർഘകാലം | അധ്യാപകർ ഗണിത ക്ലബ് | |

| | | | | | |
|---|---|---|---|---|---|
| 8 | കളികളിലൂടെയുള്ള പഠനം | • പസിൽ<br>• കുസൃതിക്കണക്ക്<br>• ഗണിത ലാബ്<br>• പാറ്റേൺസ്<br>• മാഗസീൻ<br>• ഗണിതകിറ്റ്, ഗണിത കോർണർ<br>• ഗണിത വർക്ക്ഷോപ്പ്<br>• I C T സാധ്യതകൾ | ദീർഘകാലം | ഗണിത ക്ലബ് അധ്യാപകർ<br>S S A | |
| 9 | ലൈബ്രറി വികസനവും ഉപയോഗവും | • ഗണിത പുസ്തകങ്ങൾ ശേഖരിക്കുന്നു. പ്രദർശിപ്പിക്കുന്നു<br>• പുസ്തക പരിചയം<br>• ചോദ്യപ്പെട്ടി<br>• ക്വിസ് മത്സരങ്ങൾ<br>• പുസ്തകാവലോകനം<br>• മാഗസിൻ | ദീർഘകാലം | പൊതുജനം പഞ്ചായത്ത്<br>S S A | |
| 10 | ഗണിതം ലളിതവും രസകരമുമാക്കി തീർക്കുക | • ശില്പശാലകൾ സംഘടിപ്പിക്കുക<br>• ഗണിത മേള സംഘടിപ്പിക്കുക<br>• ജ്യാമിതീയ പാർക്ക് നിർമ്മാണം<br>• പാറ്റേൺ നിർമ്മിക്കുന്നു<br>• കടലാസ്, കാർബോർഡ് ഉം ഉപയോഗി കളിപ്പാട്ടങ്ങൾ ഉണ്ടാക്കുന്നു.<br>• ശേഖരണം – നാണയം, തീപ്പെട്ടി | വർഷത്തിൽ 1<br>വർഷത്തിൽ 1<br>3 മാസം | S S A<br>PT A<br>പഞ്ചായത്ത് | |

# ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | 1. ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടിയും ഇംഗ്ലീഷിൽ അവതരിപ്പിക്കുക<br>2. **English Fest** സംഘടിപ്പിക്കുന്നു<br>3. **English empowering Programe** സംഘടിപ്പിക്കുന്നു.<br>4. **English Library** ശാക്തീകരണം | 1 വർഷം<br>വർഷത്തിൽ ഒന്ന്<br>ഒരു ദിവസം<br>1 വർഷം | അധ്യാപകർ<br>ഹെഡ് മിസ്ട്രസ് , **PT A**<br>അധ്യാപകർ, പൊതു ജനങ്ങൾ<br>അധ്യാപകർ **PT A** | **PT A** |
| 2 | തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടാൻ | 1. വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന പ്രവർത്തനങ്ങളുടെ ചുരുക്കം ഡയറി തയ്യാറാക്കൽ<br>2. ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ സംഭാഷണം, വിവരണം, **Thoughts, add more lines, puzzle, riddles** | എല്ലാ ദിവസവും<br>1 വർഷം | ക്ലാസ് ടീച്ചർ | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 3 | ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു | 1. ഇംഗ്ലീഷ് പാഠ ഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമായ വ്യവഹാരങ്ങളിലേക്ക് മാറ്റി സദസ്സിൽ അവതരിപ്പിക്കുന്നു . Skit, thought conversation | 1 വർഷം (ദീർഘം) | ക്ലാസ് ടീച്ചർ | |
| 4 | ഇംഗ്ലീഷ് സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | 1. ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച Display Board തയ്യാറാക്കുന്നു.<br>2. സ്ക്കൂൾ മാഗസിൻ നിർമ്മാണം<br>3. ക്ലാസ് തല പതിപ്പുകൾ | 1 വർഷം (ദീർഘം)<br>മാസം 1 (ഹ്രസ്വം) | ഇംഗ്ലീഷ് ക്ലബ് അധ്യാപകർ, കുട്ടികൾ<br>ഇംഗ്ലീഷ് ക്ലബ് അധ്യാപകർ, കുട്ടികൾ | |
| 5 | വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കാൻ | 1. ഇംഗ്ലീഷ് ഫസ്റ്റ്<br>2. ക്ലാസ് പ്രവർത്തനങ്ങൾ<br>3. ഇംഗ്ലീഷ് ലൈബ്രറി<br>4. ഇംഗ്ലീഷ് ലാബ്<br>5. ICT സാധ്യത | 1 വർഷം (ദീർഘം) | ഇംഗ്ലീഷ് ക്ലബ് ക്ലാസ്ടീച്ചർ കുട്ടികൾ | |
| 6 | ഇംഗ്ലീഷ് പഠനാന്തരീക്ഷ സൃഷ്ടിക്കൽ | 1. ഇംഗ്ലീഷ് പ്രസിദ്ധീകരണം പുസ്തകങ്ങൾ എന്നിവയുടെ ശേഖരണം ഒരുക്കൽ<br>2.ഇംഗ്ലീഷ് വാർത്ത എഴുതൽ , പ്രദർശിപ്പിക്കൽ<br>3. ഇംഗ്ലീഷ് corner | ദീർഘ കാലം | അധ്യാപകർ, PT A | |
| 7 | കളികളിലൂടെ ഭാഷാ പഠനം | 1. ഇംഗ്ലീഷ് പദപ്രശ്നം<br>2. riddle തയ്യാറാക്കൽ | ദീർഘ കാലം | | |

| | | | | | |
|---|---|---|---|---|---|
| 8 | പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ | ▪ അക്ഷര കാർഡ് നിർമ്മാണം<br>▪ പദകാർഡ്, ഫ്ലാഷ് കാർഡ്<br>▪ ചിത്രങ്ങളിലൂടെ വാക്യങ്ങൾ നിർമ്മാണം<br>▪ ICT സാധ്യത<br>▪ ഇംഗ്ലീഷ് തീയേറ്റർ | ഹ്രസ്വ കാലം | ക്ലാസ്ടീച്ചർ | |
| 9 | ഭാഷാവികാസത്തിനായി ആധുനികസാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുക | 1. കഥകളിലും പാട്ടുകളും ICT ഉപയോഗിച്ച് കേൾപ്പി ക്കുന്നു<br>2. ക്ലാസ് തല പ്രവർത്തനങ്ങൾ | ഹ്രസ്വ കാലം | അധ്യാപകർ, PT A | |
| 10 | ഭാഷയിലെ ഉയർന്ന ശേഷി കൈവരിച്ചുവെന്ന് ഉറപ്പു വരുത്തുക | 1. Dictionary നിർമ്മാണം<br>2. സന്ദർഭങ്ങൾ കൊടുത്ത് സംഭാഷണ രചന<br>3. ലൈബ്രറി പുസ്തക വായന | ദീർഘ കാലം | അധ്യാപകർ വിദ്യാരംഗ ,സാഹിത്യവേദി | |

# പരിസരപഠനം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കൗതുകം, ജിജ്ഞാസ, നിരീക്ഷണപാടവം, എന്നിവ പരിപോഷിപ്പിക്കുക | കുളം നിരീക്ഷണം, വയൽസന്ദർശനം, മൃഗശാലസന്ദർശനം ജീവികളുടെ അനുകൂലനങ്ങൾ നേരിട്ട് കണ്ട് ബോധ്യപ്പെടൽ, ജീവികളുടെ സവിശേഷതകൾ കണ്ടെത്തി പട്ടികപ്പെടുത്തൽ, ആഹാര രീതിക്കനുസരിച്ച വർഗ്ഗീകരിക്കുന്നു.<br>▪ ജീവികളെ താരതമ്യംചെയ്യുന്നു<br>▪ ജീവികളുടെ സഞ്ചാര രീതി<br>▪ പരസ്പരാശ്രയത്വം മനസിലാക്കൽ<br>▪ വനം സന്ദർശനം →സസ്യജാലങ്ങളെ കുറിച്ച് ധാരണ, പരസ്പരാശ്രയത്വം മനസിലാക്കുക<br>▪ പരീക്ഷണം നടത്തൽ<br>▪ സ്വാതന്ത്ര്യസമരചരിത്രത്തിന്റെ സി. ഡി പ്രദർശനം<br>▪ കലാരൂപങ്ങൾ – വീഡിയോ<br>▪ ഇന്ത്യ, കേരള – സി.ഡി പ്രദർശനം<br>▪ ആനുകാലിക പ്രസിദ്ധീകരണം<br>▪ | 1 ദിവസം | PT A<br>പൊതുജനം<br>അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 2 | ചുറ്റുപാടിനെ ശാസ്ത്രീയമായി വ്യഖ്യാനിക്കാൻ കഴിയുക | ചുറ്റുപാടിലെ വസ്തുക്കൾ ജീവജാലങ്ങൾ, സംഭവങ്ങൾ, സാമൂഹിക ചുറ്റുപാടുകൾ പരിസരങ്ങൾ എന്നിവയെ പറ്റി ആശയങ്ങൾ രൂപീകരിക്കുക.<br>▪ വ്യത്യസ്ത രീതിയിൽ തരംതിരിക്കുക<br>▪ ചോദ്യാവലി തയ്യാറാക്കുക<br>▪ ലഘുപ്രൊജക്റ്റുകൾ നിർവഹിക്കുക<br>▪ ആകാശ നിരീക്ഷണ ക്യാമ്പ് | ഹ്രസ്വകാലം | അധ്യാപകർ പരിസ്ഥിതി ക്ലബ് | |
| 3 | ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുക | ▪ വിത്ത് ശേഖരിക്കുക<br>▪ ചെടികൾ ശേഖരിച്ച് ഇക്കോ പാർക്ക് നിർമ്മിക്കൽ<br>▪ ജലസ്രോതസ്സ് – ഫീൽഡ് ട്രിപ്പ്<br>▪ പരീക്ഷണ നിരീക്ഷണങ്ങളിലേർപ്പെടൽ | ഹ്രസ്വകാലം | ഹെഡ്മിസ്ട്രസ് , ക്ലാസ് ടീച്ചർ അധ്യാപകർ | |
| 4 | നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു. | ▪ ഫീൽഡ് ട്രിപ്പ്<br>▪ നിരീക്ഷണം<br>▪ സസ്യങ്ങളെയും ജന്തുക്കളെയും ചുറ്റുപാടും നിരീക്ഷിക്കുക ആകാശം നിരീക്ഷണം<br>▪ പരിസര ശുചിത്വം | 1 ആഴ്ച | പരിസ്ഥിതി ക്ലബ് അധ്യാപകർ PT A | |
| 5 | പ്രകൃതി പ്രതിഭാസങ്ങൾ വിശകലനം ചെയ്യുക | ▪ ആകാശ നിരീക്ഷണം<br>▪ മണ്ണ് – നിരീക്ഷണം<br>▪ ജലം – നിരീക്ഷിക്കുക | | അധ്യാപകർ പരിസ്ഥിതി ക്ലബ് | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 6 | ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക | ▪ ശാസ്ത്രസാങ്കേതിക വിദ്യകളെക്കുറിച്ച് കൂടുതൽ അറിയുക കീടനാശിനികളുടെ ഉപയോഗം പ്ലാസ്റ്റിക്ക് – ചർച്ച | ദീർഘ കാലം | അധ്യാപകർ | |
| 7 | ശാസ്ത്രീയ വീക്ഷണം രൂപപ്പെടുത്തുക | ▪ ചുറ്റുപാടുമുള്ള സസ്യങ്ങളേയും ജന്തുക്കളേയും നിരീക്ഷിച്ചതാരതമ്യംചെയ്ത് പട്ടികപ്പെടുത്തുന്നു.<br>▪ കാവ്, കുളം നിരീക്ഷണം<br>▪ പരീക്ഷണങ്ങളിലേർപ്പെടുന്നു. | ദീർഘ കാലം | അധ്യാപകർ<br>PTA | |
| 8 | പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തുക | ▪ Eco park നിർമ്മിക്കുക<br>▪ ജൈവ വൈവിധ്യപാർക്ക് നിർമ്മിക്കുക<br>▪ ഔഷധസസ്യത്തോട്ടം<br>▪ വളർത്തു പക്ഷികളുടെ പ്രയോജനങ്ങൾ തിരിച്ചറിയുക<br>▪ പച്ചക്കറിത്തോട്ടം<br>▪ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളായ ജലം, വായു, മണ്ണ് എന്നിവയുടെ സംരക്ഷണം | 3 മാസം | SSA<br>PTA<br>പൊതുജനം<br>അധ്യാപകർ | |
| 9 | പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർണമാക്കുക | ▪ കുളം നികത്തൽ<br>▪ മണൽ വാരൽ<br>▪ വനനശീകരണം<br>▪ ജലസ്രോതസ്സുകൾ മലിനപ്പെടുത്തൽ<br>▪ ഇതിന്റെ വിപത്തുകളെകുറിച്ചുള്ള സി.ഡി.പ്രദർശിപ്പിക്കുക, പ്രൊജക്റ്റുകൾ തയ്യാറാക്കുക. | ദീർഘ കാലം | സമൂഹം<br>PTA<br>അധ്യാപകർ | |
| 10 | ദൈനം ദിനജീവിതവുമായി ബന്ധപ്പെടുത്തുക | ▪ നാടിന്റെ ചരിത്രംമനസ്സിലാക്കുക<br>▪ ഇന്ത്യയെ അറിയുക<br>▪ ജലം, മണ്ണ്, വായു, എന്നിവയുടെ സംരക്ഷണം | ദീർഘ കാലം | അധ്യാപകർ | |

## അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേ പോലുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക | <u>കൈത്താങ്ങ്</u><br>കുട്ടികളുടെ അറബിയിലുള്ള കഴിവ് പരിശോധിച്ച് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് വേണ്ടി പ്രത്യേകം കാർഡുകൾ തയ്യാറാക്കി നൽകുന്നു അക്ഷരങ്ങൾക്ക് നിർദേശം അനുസരിച്ച് നിറം നൽകും കാർഡുകളിലും മറ്റുമായി അക്ഷരങ്ങളും അവയിൽ എഴുതുമ്പോഴുണ്ടാകുന്ന മാറ്റങ്ങളും കുട്ടികളെ മനസ്സിലാക്കാൻ സഹായിക്കും ചാർട്ടിൽ അക്ഷരങ്ങൾ എഴുതി അവ വെട്ടി എടുത്ത് ചുമരിൽ പതിക്കും. അവക്ക് നിറം നൽകും | 3 മാസം | കാർഡുകൾ<br>ബുക്കുകൾ |
| അറബി ഭാഷാ ശേഷി വർദ്ധിപ്പിക്കൽ | <u>പുതിയ പദം പരിചയപ്പെടുത്തൽ</u><br>ആഴ്ചയിൽ ഒരിക്കൽ പാഠ പുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ 5 വാക്കുകൾ കണ്ടെത്തുന്നു. ഇതിനായി മുതിർന്നവരുടേയും മറ്റ് പുസ്തകങ്ങളുടേയും സഹായം തേടാം. | ജൂൺ മുതൽ മാർച്ച് | പുസ്തകങ്ങൾ<br>സി.ഡി. കൾ<br>കാർഡുകൾ |

| | | | |
|---|---|---|---|
| ഭാഷയിലെ ശൈലികൾ മനസിലാക്കൽ | മാസത്തിൽ ഒരിക്കൽ ചെറിയ അറബി കഥ ബുക്കുകൾ പത്രം പോലുള്ളവ പരിചയപ്പെടുത്തുക. | ജൂൺ മുതൽ മാർച്ച് | പത്രം പുസ്തകങ്ങൾ |
| വായനാ ശേഷി വർദ്ധിപ്പിക്കൽ | മാസത്തിൽ ഒരിക്കൽ ക്ലാസ് തല വയനാ മത്സരം നടത്തുക ഇതിനായി ലളിതമായ അറബി ബുക്കുകൾ, പത്രങ്ങൾ എന്നിവ ഉപയോഗിക്കാം. | ജൂൺ മുതൽ മാർച്ച് | പത്രം പുസ്തകങ്ങൾ |
| എഴുത്ത് മെച്ചപ്പെടുത്തൽ | രണ്ടാഴ്ചയിൽ ഒരിക്കൽ എഴുത്ത് മത്സരം നടത്തുക. എല്ലാ ദിവസവും 5 വരിയെങ്കിലും എഴുതിപ്പിക്കുക. കോപ്പി എഴുത്ത് നടത്തുക | ജൂൺ മുതൽ മാർച്ച് | കോപ്പി നോട്ട്ബുക്ക് ചാർട്ട് |
| കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും, മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക. മാസത്തിൽ ഒരിക്കൽ അറബിക് ബാല സഭ നടത്തുക | ജൂൺ മുതൽ മാർച്ച് | ബാലസഭ അസംബ്ലി |
| ഭാഷാപഠനത്തിൽ ഐ.ടി സാധ്യതകൾ ഉപയോഗിക്കൽ കുട്ടികൾക്ക് മികവ് പുലർത്താൻ അവസരം നൽകൽ | അറബി ഭാഷയിലുള്ള കഥകൾ, കവിതകൾ, ഗാനങ്ങൾ, ചിത്രങ്ങൾ (മൃഗങ്ങൾ, വസ്തുക്കൾ) പോലെയുള്ളവ സി.ഡി. കൾ വഴി കുട്ടികളെ കാണിക്കുക ഗാനങ്ങൾ കേൾപ്പിക്കുക. ആനിമേഷൻ രൂപത്തിൽ ചിത്രങ്ങളും പേരുകളും കാണിക്കുക. അക്ഷരങ്ങൾക്കും വസ്തുക്കൾക്കും നിറം നൽകാൻ അവസരം നല്കുക. | ജൂൺ മുതൽ മാർച്ച് വരെ | കമ്പ്യൂട്ടർ സി.ഡി. കൾ |